# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1320

02/05/2017-ൽ മറുപടിക്ക്

## ഹജ്ജ് തീർത്ഥാടനം

| ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | മറുപടി<br>ശ്രീ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| ഓരോ വർഷവും ഹജ്ജ് തീർത്ഥാടനത്തിലേക്കായി എത്ര രൂപയാണ് ചെലവഴിക്കുന്നത് ? | ഹജ്ജ് തീർത്ഥാടനത്തിനായി കേരള ഗവൺമെന്റ് പ്രത്യേക ഫണ്ടൊന്നും നൽകുന്നില്ല. എന്നാൽ കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കായി ഗ്രാന്റ് ഇൻ എയ്ഡായി ഓരോ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തുകയും ആയത് അനുവദിക്കുകയും ചെയ്യാറുണ്ട്. ജീവനക്കാരുടെ ശമ്പളം, ഹജ്ജ് വോളണ്ടിയർമാരുടെ യാത്രാ ചെലവ്, മറ്റ് ഓഫീസ് ചെലവുകൾ എന്നിവക്ക് വേണ്ടിയാണ് പ്രസ്തുത തുക ചെലവഴിക്കുന്നത്.<br>2016-2017 സാമ്പത്തിക വർഷത്തിൽ ഗ്രാന്റ് ഇൻ എയ്ഡ് ആയി 94,12,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ